**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3138** **14-02-2024 - ൽ മറുപടിയ്ക്ക്**

**കുടിവെള്ളമെത്താത്ത പ്രദേശങ്ങളിൽ പൊതുടാപ്പുകൾ പുനഃസ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ളമെത്താത്ത എത്ര വീട്ടുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | 1) കേരളത്തിലെ ഗ്രാമീണ മേഖലയിൽ ലഭ്യമായ കണക്കനുസരിച്ച് 69.92 ലക്ഷം വീട്ടുകളുള്ളതിൽ 36.60 ലക്ഷം വീട്ടുകളിൽ കുടിവെള്ള കണക്ഷൻ ഉണ്ട്. ഇനി 33.32 ലക്ഷം വീട്ടുകളിൽ പൈപ്പ് കണക്ഷൻ ലഭ്യമാക്കാനുണ്ട്.<br><br>2) കേരളത്തിലെ നഗര പ്രദേശങ്ങളിൽ ലഭ്യമായ കണക്കനുസരിച്ച് 23.50 ലക്ഷം വീട്ടുകളുള്ളതിൽ 11.85 ലക്ഷം വീട്ടുകളിൽ കുടിവെള്ള കണക്ഷൻ ഉണ്ട്. ഇനി 11.65 ലക്ഷം വീട്ടുകളിൽ പൈപ്പ് കണക്ഷൻ ലഭ്യമാക്കാനുണ്ട്. |
| (ബി) | സംസ്ഥാനത്ത് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ 2016 ലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാത്രം എത്ര പൊതുടാപ്പുകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല.<br><br>2016-ലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമുള്ള കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപങ്ങളിലെ പൊതു ടാപ്പുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. കുറവ് വന്ന ടാപ്പുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>പഞ്ചായത്ത്-9236<br><br>മുൻസിപ്പാലിറ്റി- 2337<br><br>കോർപ്പറേഷൻ-466.<br><br>അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരമാണ് കണക്ഷനുകൾ നിർത്തലാക്കിയത്. |
| (സി) | പൊതുടാപ്പുകൾ നിർത്തലാക്കിയതുമൂലം കുടിവെള്ളമെത്താത്ത വീട്ടുകളിലുള്ളവർ പ്രയാസമനുഭവിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പൊതുടാപ്പുകളെ ആശ്രയിച്ചിരുന്നതും എന്നാൽ | (സി) | പൊതുടാപ്പുകൾ നിർത്തലാക്കിയതുമൂലം കുടിവെള്ളമെത്താത്ത വീട്ടുകളിലുള്ളവർ പ്രയാസമനുഭവിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | നാളിതുവരെ കുടിവെള്ളമെത്തിയ്ക്കുന്നതിന് കഴിയാത്തതുമായ പ്രദേശങ്ങളിൽ പൊതുടാപ്പുകൾ പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിയ്ക്കുമോ; വ്യക്തമാക്കാമോ? | | പുതിയ പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതും നിലവിലുള്ളവ നിർത്തലാക്കുന്നതും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരമാണ്. പുതിയവ സ്ഥാപിക്കുന്നതിനും വിച്ഛേദന പ്രവൃത്തിക്കുമുള്ള ഡെപ്പോസിറ്റ് തുക വാട്ടർ അതോറിറ്റി നിശ്ചയിച്ച് നൽകുന്നുണ്ട്. പ്രസ്തുത തുക അടച്ചതിനു ശേഷമാണ് ടി പ്രവൃത്തികൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ